**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** **24-06-2024 - ൽ മറുപടിയ്ക്ക്**

**സമഗ്ര സഹകരണ കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലൂടെ സംസ്ഥാന വികസനം, എന്ന കാഴ്ചപ്പാടോടെ സമഗ്ര സഹകരണ കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സഹകരണ മേഖലയുടെ വികസനം ലക്ഷ്യമിട്ട്അടിസ്ഥാന വികസന മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന സഹകരണ സമഗ്ര സഹകരണ കർമ്മ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.<br><br>**മാന്യതയുള്ള തൊഴിൽ - സാമ്പത്തിക വളർച്ചയ്ക്ക് വഴിയൊരുക്കുന്ന കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.**<br><br>കോർപ്പറേറ്റുകളുടെ നിലവാരത്തിൽ സഹകരണ മേഖലയ്ക്ക് മികവോടെ പ്രവർത്തിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം. നിർമ്മാണ രംഗത്ത് ദേശീയ പാതയുടെയും മറ്റും കരാറുകൾ വരെ എടുക്കാൻ പ്രാപ്തിയുള്ള സംസ്ഥാനത്തെ ഏക കരാർ സ്ഥാപനമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം. ഈ സ്ഥാപനം 20000 -ൽ പരം തൊഴിൽ സൃഷ്ടിക്കുവാൻ പറ്റുന്ന നിലയിലേക്കും വൈവിധ്യവത്ക്കരണത്തിലേക്കും വളർന്നു നില്ക്കുന്നു. നിർമ്മാണ സർവ്വീസ് മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.<br><br>**ആശുപത്രി സഹകരണ സംഘം**<br><br>ആരോഗ്യ പരിരക്ഷ രംഗത്ത് സഹകരണ മേഖല സ്തുതർഹമായ പങ്കാണ് വഹിച്ച് കൊണ്ടിരിക്കുന്നത്. സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂക്ഷണം ചെയ്യുന്ന സാഹചര്യത്തിലാണ് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രി സംഘങ്ങൾ കേരളത്തിൽ സജീവമായത്. ആതുര സേവനരംഗത്ത് സ്വകാര്യ ആശുപത്രികളെ |

അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ. ചെറുതും വലുതുമായ 75-ൽ അധികം സഹകരണ ആശുപത്രികൾ കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ നൽകി വരുന്നു. ആശുപത്രി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആശുപത്രികളുടെ ആഭിമുഖ്യത്തിൽ നേഴ്സിംഗ്, പാരാ മെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. സഹകരണ ആശുപത്രികളുടെ അപ്പക്സ് സ്ഥാപനമായ കേരള സഹകരണ ആശുപത്രി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ വൈറോളജി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അരംഭിച്ചിട്ടുണ്ട്. ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതാണ്. സഹകരണ ആശുപത്രികൾ വഴി നടത്തിവരുന്ന പാലേയറ്റീവ് കെയർ പദ്ധതി മുഖേന വാർദ്ധക്യത്തെയും ആരോഗ്യത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്നു. ആയത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

**<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>**

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (CAPE) കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ കിംബ് (KIMB) എന്ന സ്ഥാപനത്തെ നൈപുണ്യവികസനകേന്ദ്രമായി (Skill and Knowlege Development Centre) പുനക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. കേപ്പിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>യുവജന സഹകരണ സംഘങ്ങൾ</u>**

സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവജനങ്ങളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുകയുണ്ടായി. ഐ.ടി മേഖല, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീതം, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീട്ടുകളിൽ എത്തിക്കൽ,

ഭക്ഷ്യ സംസ്കരണ വിപണന മേഖല, കാർഷിക വിഭവങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസ്, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

**<u>മാലിന്യ സംസ്കരണം</u>**

കോട്ടയം ജില്ലയിലെ വെളിയന്നൂർ ആസ്ഥാനമാക്കി പ്രവർത്തിച്ച് വരുന്ന സഹകരണ സംഘമായ ഈനാട് യുവജന സഹകരണ സംഘം കെ.1233 "ശുചിത്വം സഹകരണം" എന്ന പേരിൽ സംസ്ഥാനതല പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**<u>വിനോദ സഞ്ചാര മേഖല</u>**

സഹകരണ മേഖലയിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് ആരംഭിച്ച പ്രാഥമിക സംഘങ്ങളുടെ ഫെഡറേഷനാണ് ടൂർഫെഡ്. ഫെഡറേഷന്റെ പ്രവർത്തനം നവീകരിച്ച് കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടപ്പാക്കി വരുന്നു.

**<u>വനിതാ സംഘങ്ങളുടെ നവീകരണം</u>**

വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലീകരിച്ച് വൈവിധ്യമാർന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് വനിതാ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഉൽപ്പാദന യൂണിറ്റുകൾ വ്യവസായ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതാണ്.

**<u>വ്യവസായ വികസന പാർക്കുകൾ</u>**

സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വ്യവസായ വികസന പാർക്കുകൾ ആരംഭിക്കുന്നതാണ്.

**<u>പട്ടികജാതി, പട്ടികവർഗ്ഗ സംഘങ്ങൾ</u>**

പട്ടികജാതി, പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന പുനർജ്ജനി പദ്ധതി കാര്യക്ഷമവും സുതാര്യതയും ഉറപ്പാക്കി നടപ്പാക്കുന്നതാണ്.

**<u>പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനിക വത്കരണം</u>**

പ്രാഥമിക സഹകരണ സംഘങ്ങളുടെ കോമൺ സോഫ്റ്റ് വെയർ നടപ്പാക്കി സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതാണ്.

നൈപുണ്യ വായ്പാ പദ്ധതി, സഹായഹസ്തം പദ്ധതി, സ്നേഹതീരം പദ്ധതി എന്നിവ വിപുലീകരിക്കുന്നതാണ്.

അക്ഷരസാഹിത്യ മ്യൂസിയം പദ്ധതി ഉടൻ പ്രാവർത്തികമാക്കുന്നതാണ്.

സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി കൂടുതൽ വായ്പ അനുവദിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

സഹകരണ മേഖലയുടെ വികസനം ലക്ഷമിട്ട് സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുകയാണ്. സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷാ, തൊഴിൽ അവസരം സൃഷ്ടിക്കുക, സുസ്ഥിര വികസനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം ഇതിലൂടെ മികച്ച വരുമാനം ഉറപ്പ് വരുത്തുക എന്നുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കുന്നത്തിനുള്ള പദ്ധതികളാണ് സഹകരണ വകുപ്പ് വിഭാവനം ചെയ്യുന്നത്. കൂടാതെ വായ്പാ ഘടനയും പുനർക്രമീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. സുസ്ഥിര വികസനം ലക്ഷ്യമിട്ട് താഴെ പറയുന്ന പദ്ധതികൾക്ക് ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്.

1 സഹകരണ സംഘങ്ങളുടെ പ്രവർത്തന സുതാര്യത ഉറപ്പ് വരുത്തുന്നതിന് സമഗ്ര ഭേദഗതി നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.

2 ആഡിറ്റ് സുതാര്യവും കാര്യക്ഷമവും ആക്കുന്നത് ലക്ഷ്യമിട്ട് ടീം ആഡിറ്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സംവിധാനം (CAMIS) നടപ്പാക്കിയിട്ടുണ്ട്.

3 സംസ്ഥാനത്തെ ഹ്രസ്വകാല കാർഷിക വായ്പാ ഘടന പുനക്രമീകരിച്ച് ത്രിതല സംവിധാനത്തിൽ നിന്ന് ദ്വിതല സംവിധാനത്തിലേക്ക് മാറ്റുകയുണ്ടായി.

| | | | |
|---|---|---|---|
| | | | ഇതിന്റെ ഭാഗമായി 14 ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചു. ഇതിലൂടെ ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവൽക്കരണം, ആധുനിക സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തൽ എന്നീ ലക്ഷ്യങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്കിന്റെ ഏകീകൃതവും നൂതനവുമായ കോർബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതോടുകൂടി ആധുനിക ഡിജിറ്റൽ സേവനങ്ങൾ ഉപഭോക്താക്കൾക്ക് നൽകാൻ കേരളബാങ്കിന് കഴിയുന്നു.<br><br>4 വിവിധ മേഖലകളിൽ ഇടപെടുന്നതിന്റെ ഭാഗമായി യുവജന സഹകരണ സംഘം, ട്രാൻസ്ജെന്റേഴ്സ് വെൽഫയർ സഹകരണ സംഘം, കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫഷണൽ സഹകരണ സംഘം, ഡിഫറൻഷ്യലി ഏബിൾഡ് സഹകരണ സംഘം, എന്നീ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br><br>5 എല്ലാവരെയും ഉൾക്കൊള്ളുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ, യുവജന സഹകരണ സംഘങ്ങൾ, യുവ വനിതാ സഹകരണ സംഘങ്ങൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br><br>6 കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടൽ ഉറപ്പു വരുത്തുന്നതിനായി Co-operative Initiative in Technology Driven Agriculture രൂപീകരിച്ചിട്ടുണ്ട്.<br><br>7 കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് ഗുണമേന്മയുള്ള അരിയും ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കോട്ടയത്ത് കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു റൈസ് മില്ല് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>8 ദുർബലാവസ്ഥയിലുള്ള സംഘങ്ങളെ പുനരധിവസിപ്പിക്കുന്നത് ലക്ഷ്യമിട്ട് സഹകരണ സംരക്ഷണ നിധി പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br>9 ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരമുള്ള ആനുകൂല്യം 2 ലക്ഷത്തിൽ നിന്ന് 3 ലക്ഷം രൂപയായി ഉയർത്തുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | സഹകരണ മേഖലയുടെ വികസനം ലക്ഷ്യമിട്ട് അടിസ്ഥാന വികസന മേഖലയിൽ വലിയ നേട്ടങ്ങൾ |

കൈവരിക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന സഹകരണ സമഗ്ര സഹകരണ കർമ്മ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

**<u>മാന്യതയുള്ള തൊഴിൽ - സാമ്പത്തിക വളർച്ചയ്ക്ക് വഴിയൊരുക്കുന്ന കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.</u>**

കോർപ്പറേറ്റുകളുടെ നിലവാരത്തിൽ സഹകരണ മേഖലയ്ക്ക് മികവോടെ പ്രവർത്തിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം. നിർമ്മാണ രംഗത്ത് ദേശീയ പാതയുടെയും മറ്റും കരാറുകൾ വരെ എടുക്കാൻ പ്രാപ്തിയുള്ള സംസ്ഥാനത്തെ ഏക കരാർ സ്ഥാപനമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം. ഈ സ്ഥാപനം 20000 -ൽ പരം തൊഴിൽ സൃഷ്ടിക്കുവാൻ പറ്റുന്ന നിലയിലേക്കും വൈവിധ്യവത്ക്കരണത്തിലേക്കും വളർന്നു നില്ക്കുന്നു. നിർമ്മാണ സർവ്വീസ് മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

**<u>ആശുപത്രി സഹകരണ സംഘം</u>**

ആരോഗ്യ പരിരക്ഷ രംഗത്ത് സഹകരണ മേഖല സ്തുത്യർഹമായ പങ്കാണ് വഹിച്ച് കൊണ്ടിരിക്കുന്നത്. സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിലാണ് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രി സംഘങ്ങൾ കേരളത്തിൽ സജീവമായത്. ആതുര സേവനരംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ. ചെറുതും വലുതുമായ 75-ൽ അധികം സഹകരണ ആശുപത്രികൾ കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ നൽകി വരുന്നു. ആശുപത്രി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആശുപത്രികളുടെ ആഭിമുഖ്യത്തിൽ നേഴ്സിംഗ്, പാരാ മെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. സഹകരണ ആശുപത്രികളുടെ അപ്പക്സ് സ്ഥാപനമായ കേരള സഹകരണ ആശുപത്രി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ വൈറോളജി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അരംഭിച്ചിട്ടുണ്ട്. ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതാണ്. സഹകരണ

ആശുപത്രികൾ വഴി നടത്തിവരുന്ന പാലേയറ്റീവ് കെയർ പദ്ധതി മുഖേന വാർദ്ധക്യത്തെയും ആരോഗ്യത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്നു. ആയത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

**<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>**

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (CAPE) കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ കിംബ് (KIMB) എന്ന സ്ഥാപനത്തെ നൈപുണ്യവികസനകേന്ദ്രമായി (Skill and Knowlege Development Centre) പുനക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. കേപ്പിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>യുവജന സഹകരണ സംഘങ്ങൾ</u>**

സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവജനങ്ങളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുകയുണ്ടായി. ഐ.ടി മേഖല, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീതം, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, കാർഷിക വിഭവങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസ്, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**<u>മാലിന്യ സംസ്കരണം</u>**

കോട്ടയം ജില്ലയിലെ വെളിയന്നൂർ ആസ്ഥാനമാക്കി പ്രവർത്തിച്ച് വരുന്ന സഹകരണ സംഘമായ ഈനാട് യുവജന സഹകരണ സംഘം കെ.1233 "ശുചിത്വം സഹകരണം" എന്ന പേരിൽ സംസ്ഥാനതല പദ്ധതി നടപ്പിലാക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**വിനോദ സഞ്ചാര മേഖല**

സഹകരണ മേഖലയിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് ആരംഭിച്ച പ്രാഥമിക സംഘങ്ങളുടെ ഫെഡറേഷനാണ് ടൂർഫെഡ്. ഫെഡറേഷന്റെ പ്രവർത്തനം നവീകരിച്ച് കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടപ്പാക്കി വരുന്നു.

**വനിതാ സംഘങ്ങളുടെ നവീകരണം**

വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലീകരിച്ച് വൈവിധ്യമാർന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് വനിതാ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഉൽപ്പാദന യൂണിറ്റുകൾ വ്യവസായ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതാണ്.

**വ്യവസായ വികസന പാർക്കുകൾ**

സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വ്യവസായ വികസന പാർക്കുകൾ ആരംഭിക്കുന്നതാണ്.

**പടികജാതി, പട്ടികവർഗ്ഗ സംഘങ്ങൾ**

പട്ടികജാതി, പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന പുനർജ്ജനി പദ്ധതി കാര്യക്ഷമവും സുതാര്യതയും ഉറപ്പാക്കി നടപ്പാക്കുന്നതാണ്.

**പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനിക വത്കരണം**

പ്രാഥമിക സഹകരണ സംഘങ്ങളുടെ കോമൺ സോഫ്റ്റ് വെയർ നടപ്പാക്കി സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതാണ്.

നൈപുണ്യ വായ്പാ പദ്ധതി, സഹായഹസ്തം പദ്ധതി, സ്നേഹതീരം പദ്ധതി എന്നിവ വിപുലീകരിക്കുന്നതാണ്.

അക്ഷരസാഹിത്യ മ്യൂസിയം പദ്ധതി ഉടൻ പ്രാവർത്തികമാക്കുന്നതാണ്.

സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി കൂടുതൽ വായ്പ അനുവദിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ

സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

സഹകരണ മേഖലയുടെ വികസനം ലക്ഷമിട്ട് സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുകയാണ്. സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷാ, തൊഴിൽ അവസരം സൃഷ്ടിക്കുക, സുസ്ഥിര വികസനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം ഇതിലൂടെ മികച്ച വരുമാനം ഉറപ്പ വരുത്തുക എന്നുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കുന്നത്തിനുള്ള പദ്ധതികളാണ് സഹകരണ വകുപ്പ് വിഭാവനം ചെയ്യുന്നത്. കൂടാതെ വായ്പാ ഘടനയും പുനർക്രമീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. സുസ്ഥിര വികസനം ലക്ഷ്യമിട്ട് താഴെ പറയുന്ന പദ്ധതികൾക്ക് ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്.

1 സഹകരണ സംഘങ്ങളുടെ പ്രവർത്തന സുതാര്യത ഉറപ്പ വരുത്തുന്നതിന് സമഗ്ര ഭേദഗതി നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.

2 ആഡിറ്റ് സുതാര്യവും കാര്യക്ഷമവും ആക്കുന്നത് ലക്ഷ്യമിട്ട് ടീം ആഡിറ്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സംവിധാനം (CAMIS) നടപ്പാക്കിയിട്ടുണ്ട്.

3 സംസ്ഥാനത്തെ ഹ്രസ്വകാല കാർഷിക വായ്പാ ഘടന പുനക്രമീകരിച്ച് ത്രിതല സംവിധാനത്തിൽ നിന്ന് ദ്വിതല സംവിധാനത്തിലേക്ക് മാറ്റുകയുണ്ടായി. ഇതിന്റെ ഭാഗമായി 14 ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചു. ഇതിലൂടെ ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവൽക്കരണം, ആധുനിക സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തൽ എന്നീ ലക്ഷ്യങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്കിന്റെ ഏകീകൃതവും നൂതനവുമായ കോർബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതോടുകൂടി ആധുനിക ഡിജിറ്റൽ സേവനങ്ങൾ ഉപഭോക്താക്കൾക്ക് നൽകാൻ കേരളബാങ്കിന് കഴിയുന്നു.

4 വിവിധ മേഖലകളിൽ ഇടപെടുന്നതിന്റെ ഭാഗമായി യുവജന സഹകരണ സംഘം, ട്രാൻസ്ജെന്റേഴ്സ് വെൽഫയർ സഹകരണ സംഘം, കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫഷണൽ സഹകരണ സംഘം, ഡിഫറൻഷ്യലി ഏബിൾഡ് സഹകരണ സംഘം, എന്നീ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 5 എല്ലാവരെയും ഉൾക്കൊള്ളുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ, യുവജന സഹകരണ സംഘങ്ങൾ, യുവ വനിതാ സഹകരണ സംഘങ്ങൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br><br>6 കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടൽ ഉറപ്പ് വരുത്തുന്നതിനായി Co-operative Initiative in Technology Driven Agriculture രൂപീകരിച്ചിട്ടുണ്ട്.<br><br>7 കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് ഗുണമേന്മയുള്ള അരിയും ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കോട്ടയത്ത് കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു റൈസ് മില്ല് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>8 ദുർബലാവസ്ഥയിലുള്ള സംഘങ്ങളെ പുനരധിവസിപ്പിക്കുന്നത് ലക്ഷ്യമിട്ട് സഹകരണ സംരക്ഷണ നിധി പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br>9 ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരമുള്ള ആനുകൂല്യം 2 ലക്ഷത്തിൽ നിന്ന് 3 ലക്ഷം രൂപയായി ഉയർത്തുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) | ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സഹകരണ കർമ്മ പദ്ധതിയുടെ ഭാഗമായി ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ? | (സി) | ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ കൊല്ലം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലാണ് പ്രവർത്തിക്കുന്നത്. കൊല്ലം ജില്ലയിലെ ഇക്കോ സർവ്വീസ് യുവസഹകരണ സംഘം ക്ലിപ്തം ക്യൂ.1714 , കോട്ടയം ജില്ലയിലെ ഇ-നാട് സഹകരണ സംഘം ക്ലിപ്തം കെ.1233,എറണാകുളം ജില്ലയിലെ ഇടപ്പള്ളി വടക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്ക്-1431 എന്നിവയാണ്. ഇവയെല്ലാംത്തന്നെ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ